
# ചുമരിൽ ചിരിച്ചു നിന്ന പോളിടെക്നിക്

ഷൗക്കത്തലീ ഖാൻ



ചുമരിൽ ചിരിച്ചു നിന്ന പോളിടെക്നിക്
ഷൗക്കത്തലീ ഖാൻ
(മലയാളം: അനുഭവക്കുറിപ്പ്)

© 2021, Shoukathali Khan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Upward, a painting by Vasily Kandinsky. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചുമരിൽ ചിരിച്ചു നിന്ന പോളിടെക്‌നിക്

ഓർമ്മകളുടെ അറ്റത്ത് ചിരിക്കും കരച്ചിലിനുമിടയിലൂടെ ഉറച്ചുപോയ പേരുകളിലൊന്നായിരുന്നു സീതി സാഹിബ് പോളിടെക്‌നിക്. ആ പേരിന്റെ പിന്നിലെ പൊരുളോ വെളിച്ചമോ അന്നൊന്നും അറിഞ്ഞിരുന്നില്ല. ഇക്കാക്ക അവിടെയാണ് പഠിച്ചിരുന്നത്. എന്റെ ജനനതീയതിയുടെ കൃത്യത ബോധ്യപ്പെടുത്തുമ്പോൾ അദ്ദേഹം ദേഷ്യത്തോടെ പറഞ്ഞിരുന്നു. “ഞാൻ രണ്ടാം വർഷ പരീക്ഷ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തിയ അന്നാണ് നിന്നെ പ്രസവിച്ചത്. നീ വലിയ ആളൊന്നും ആകണ്ട.” ഇക്കാക്കയുടെ ആരും അധികമൊന്നും കാണാത്ത ഒരു ആൽബത്തിൽ ഒരു തൂവൽ വെച്ച് തൊപ്പിയിട്ട എൻ. സി. സി. കേഡറ്റിന്റെ ഫോട്ടോ ഉണ്ട്. ഇത് ഞാൻ പോളിടെക്‌നിക്കിൽ പഠിക്കുമ്പോൾ എൻ. സി. സി.-യിലുള്ള സമയത്ത് എടുത്ത ഫോട്ടോ ആണ്. ഫോട്ടോയിലെ ചെരിച്ചുവെച്ച തൊപ്പിയും അതിലെ തൂവലും മീശ മുളയ്ക്കാത്ത കൗമാരക്കാരന്റെ വലിയ കണ്ണുകളും നോക്കി അത്ഭുതപ്പെട്ടു. “എന്തൊരു ചേലാ ഇക്കാക്കാനെ കാണാൻ.” തൊപ്പിയിലുള്ള ആ തൂവലിന്റെ മനോഹാരിതയിൽ മണിക്കൂറുകൾ മുഴുകി ആ ആൽബം ഒരു രാത്രിയിൽ ഒറ്റയ്ക്ക് ഇരുന്നു കുറേ നേരം കുടിച്ചു വറ്റിച്ചിട്ടുണ്ട്. എവിടെനിന്നാകാം ഈ തൂവലുകൾ കിട്ടുക. അതുമാതിരിയുള്ള ഒരു തൊപ്പിയും തൂവലും കുപ്പായവും അതിന്റെ ഷോൾഡറിലെ മടക്കും ബട്ടനുകളും കിട്ടാൻ ഒരുപാട് കൊതിച്ചിട്ടുണ്ട്. എല്ലാം പോളിടെക്‌നിക് കാരണമാണ്. ഇക്കാക്ക പോളിടെക്‌നിക്കിനെക്കുറിച്ച് പറയാൻ തുടങ്ങിയാൽ പിന്നെ സമദാനിയുടെ വാഗ്ധോരണിയാണ്. സുകുമാർ അഴീക്കോടിന്റെ വൈകാരികതയാണ്. മണിക്കൂറുകൾ പോകുന്നത് അറിയുകയില്ല. ഏതു കാര്യവും നിർണ്ണയിക്കാനുള്ള നാഴികക്കല്ലാണ് ഇക്കാക്ക് പോളിടെക്‌നിക്. ഞാൻ പോളി കഴിഞ്ഞു ഒരു വർഷം കഴിഞ്ഞാണ് ഗൾഫിൽ പോയത്, ഞാൻ പോളിയിൽ പഠിക്കുമ്പോഴാണ് നമ്മുടെ പെര കത്തിയത്, ഞാൻ പോളിയിൽ പഠിച്ച് അഞ്ചു വർഷം കഴിഞ്ഞാണ് കല്ല്യാണം കഴിച്ചത്, പോളിയിൽ നിന്ന് കല്യാണത്തിന് എച്ച്. പി. മുഹമ്മദ് റാവുത്തർ സാർ വന്നിരുന്നു. അബ്ദുള്ള സാർ വന്നിരുന്നു. ഇവർ വന്നിരുന്നു. എന്നൊക്കെ പറയും. ഇതൊന്നും ആയിരുന്നില്ല പ്രധാനകാര്യം. ഇക്കാക്കയുടെ പോളിടെക്‌നിക് ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും വീടിനോട് ചേർന്നുള്ള കയ്യാലയിൽ ഒരു ചില്ലുപടമായി ചിരിച്ചുനിന്നിരുന്നു. ഗൾഫിൽനിന്ന് വന്നാൽ ഒന്നോ രണ്ടോ ദിവസങ്ങൾ കഴിഞ്ഞാൽ അദ്ദേഹം പറയും. “എല്ലാവരും കയ്യാലയിലേക്ക് വാ” ഞങ്ങൾ കയ്യാലയിലേക്ക് കയറും. ഇരുമ്പിന്റെ കസേര എടുത്ത് പുന്നെല്ലിന്റെ മണമുള്ള കയ്യാലയിൽ നിന്നും മാറാലകൾ തുടച്ച് ആ ഗ്രൂപ്പ് ഫോട്ടോ താഴെ ഇറക്കും. രണ്ട് ആണിയിലാണ് അത് ഉറപ്പിച്ചിരുന്നത്. വേലി കെട്ടുന്ന നേർത്ത കമ്പി തെക്കമ്മൽ പറമ്പിലെ വേലിക്കൽ നിന്ന് പിരിച്ചെടുത്ത് ഇത്താത്തയാണ് അതു ചുമരിൽ പണ്ട് ഉറപ്പിച്ചതത്രേ. ഒരു ഇരുമ്പ് കമ്പി പിരിച്ചുകെട്ടിയിരുന്നു. “ഇതിലെവിടെയാ... ഞാൻ, ഇജാസ് പറയ്” രണ്ടാമത്തെ വരിയിൽ നാലാമത്തെ ആളാണ് ഇക്കാക്ക. എല്ലാവർക്കും ടൈയും കുപ്പായവുമുണ്ട്. അദ്ധ്യാപകരിൽ ചിലരുടെ കാലിൽ ഷൂസുണ്ട്. നടുക്ക് ഇരിക്കുന്ന കോട്ടിട്ട ആളാണ് എച്ച്. പി. മുഹമ്മദ് റാവുത്തർ. ഗ്രൂപ്പ് ഫോട്ടോയിൽ ഇക്കാക്ക് മീശയേ ഇല്ല. ഫോട്ടോയിലുള്ള സകല ആൾക്കാരെയും ഞങ്ങൾക്ക് മനഃപാഠമാണ്. അബ്ദുള്ള സാർ, കാസിം സാർ, ദിനകരൻ, പുഷ്കരൻ, ജോസഫ്, കുട്ടിയാമു, പ്യൂൺ ഹമീദ്, മൊയ്തീൻകുട്ടി ആ പേരുകൾ അങ്ങിനെ നീളുന്നു. ഇവരെയൊക്കെ ഇക്കാക്ക ഞങ്ങൾക്ക് പരിചയപ്പെടുത്തിതരും. ഫോട്ടോയുടെ അടിയിൽനിന്ന് വാലൻ മൂട്ടകളെയും പാറ്റകളെയും തുരത്തി ചുമർ വൃത്തിയാക്കി ഇക്കാക്ക തന്നെ ഫോട്ടൊയെടുത്ത് ചുമരിൽ തൂക്കും. പിന്നെ കർശ്ശന നിർദ്ദേശങ്ങളും ഉണ്ടാകും. ഈ ഫോട്ടോയെങ്ങാനും കേടു വരുത്തിയാൽ നിന്റെ ചുക്കാമണി ഞാനെടുക്കും. ഇക്കാക്ക വലിയ ആളാണ്. ഉപ്പയെക്കാളും ഞങ്ങൾക്കിഷ്ടം ഇക്കാക്കയെയാണ്. മീശയൊക്കെ വച്ച് കൃതാവും നീട്ടി കൂളിംഗ് ഗ്ലാസും വെച്ച് സ്റ്റിഫിട്ട കോളറുള്ള പോളിസ്റ്റർ കുപ്പായവും ധരിച്ച് ഇക്കാക്ക പുറത്തേക്കിറങ്ങുമ്പോൾ ഞങ്ങൾ ഗമയിലങ്ങനെ നോക്കി നിൽക്കും. ഞങ്ങൾക്ക് അഭിമാനം തോന്നിയ നിമിഷങ്ങളായിരുന്നു അത്.



അദ്ദേഹം ഗൾഫിൽനിന്നും വന്നാൽ പിന്നെ എന്നും ഓണവും പെരുന്നാളുമാണ്. പുതിയ കുപ്പായങ്ങൾ കിട്ടും. റബ്ബറും പെൻസിലുകളും അറ്റത്ത് ചുവന്ന കിരീടത്തിൽ പൊതിഞ്ഞ റബറുള്ള നീളൻ പെൻസിലുകൾകൊണ്ടെഴുതിയാൽ നല്ല കടുത്ത നിറമായിരുന്നു. ചിത്രം മാറുന്ന സ്കെയിലുകൾ, ടേപ്പ് റെക്കോർഡുകൾ, വാച്ച് ഇവയൊക്കെ ധരിച്ച് ഗമയിലാണ് പിന്നെ ഞങ്ങൾ സ്കൂളിൽ പോക്ക്. ഒരു മാസത്തിൽ കൂടുതലൊന്നും ആ സ്നേഹസാമീപ്യം ഞങ്ങളുടെ അടുത്ത് ഉണ്ടാകാറില്ല. ചില രാത്രികളിൽ ഞങ്ങളെ വിളിച്ചുണർത്തി കവിളിൽ തുരുതുരാ ഉമ്മ വച്ച് പാന്റും കുപ്പായവും ഒക്കെയിട്ട് ഇരുട്ടിലേക്കിറങ്ങിപ്പോകും. കുറച്ചു ദിവസം ഇക്കാക്ക പോയ ഹാങ് ഓവറിൽ ഞാനും ഇജാസും വിഷാദിച്ചു നിൽക്കും. ഒരാഴ്ച കഴിഞ്ഞാൽ കത്തു വരും. ഉപ്പയും ഉമ്മയും പെറ്റമ്മയും കുട്ടികളുമറിയാൻ... കത്തിന്റെ അടിയിൽ പ്രത്യേകം എഴുതും. കയ്യാലയിലെ പോളി ടെക്‌നികിന്റെ ഫോട്ടോ നന്നായി നോക്കണം. ഉസ്മാൻ അതെടുത്ത് പൊടി തട്ടി വെക്കണം. കയറുമ്പോൾ സൂക്ഷിക്കണം. ചില്ല പൊട്ടിക്കരുത്. ഞങ്ങൾ അന്നുതന്നെ ചിക്കാനിട്ട നെല്ല വകഞ്ഞു മാറ്റി ഇരുമ്പുകസേരകളുടെ മുതുകിൽ കയറി പോളിടെക്‌നിക്കിനെ ഇറക്കും. ഫോട്ടോ നോക്കി ആച്ച പറഞ്ഞു. “ആ നിൽക്കുന്നത് നാലാമത്തെതല്ലേ ഇക്കാക്ക”. എച്ച്. പി. സാറെയും അബ്ദുള്ള സാറെയും ഹമീദിക്കാനെയും തുടച്ച വൃത്തിയാക്കി പോളിടെക്‌നിക്കിനെ പിന്നെയും തൂക്കിയിടും. കത്തിനു മറുപടി എഴുതുമ്പോൾ ഉപ്പ എന്നെക്കൊണ്ട് എഴുതിപ്പിച്ചു. ‘ഇക്കാക്കാ ഞാൻ ഫോട്ടോ തുടച്ച് വൃത്തിയാക്കി നേരെ വെച്ചു. പൊടി തട്ടി എന്ന് സ്വന്തം അനുജൻ.’

മുറ്റത്തെ മൂവാണ്ടൻ മാവ് രണ്ട് പ്രാവശ്യം തളിർക്കുകയും പൂക്കുകയും ചെയ്തു. കുളത്തിന്റെ വക്കത്തെ വരിക്കപ്ലാവിൽ കണ്ടമാനം ചക്കകൾ കായ്ച്ചു. ചക്കക്കുരു ചുട്ടതിന്ന് രണ്ടു വസന്തം കഴിഞ്ഞു. ഇക്കാക്കയുടെ കത്തും കാശും പലകുറി വന്നു. കയ്യാലയിലെ ഓടു പൊളിഞ്ഞു ചോരാൻ തുടങ്ങി. ഞങ്ങൾ കയ്യാലയിലേക്കു കയറി. പോളിടെക്‌നിക്കിന് എന്തെങ്കിലും സംഭവിച്ചുവോ എന്നു നോക്കി. രണ്ടു കൊല്ലത്തിലധികമായി ഇക്കാക്ക നാട്ടിൽ വന്നിട്ട്. കല്യാണത്തിനുള്ള ആലോചനകൾ നടക്കുന്നു. ഉമ്മയും ഉപ്പയും കൂടി പെണ്ണുകാണാൻ പോയി. കാര്യമുറപ്പിച്ചു. ഇന്നലെ പോസ്റ്റമാൻ കുഞ്ഞുക്കുട്ടൻ സൈക്കിളും ചവിട്ടി കാവും കടന്ന് പൂഴിമണൽ താണ്ടി കടന്നു വന്നിരുന്നു. അറബിയുടെ മുഖമുള്ള സ്റ്റാമ്പൊട്ടിച്ച് കവർ നീട്ടി ഉപ്പ അത് ഒപ്പിട്ടുവാങ്ങി. അരക്ക് വെച്ച് ഒട്ടിച്ച കവർ കണ്ടപ്പോഴെ ഉമ്മ പറഞ്ഞു അത് കുഞ്ഞുമോന്റെ കത്തും കാശുമാണ്. കുഞ്ഞിക്കുട്ടനു രണ്ടുറുപ്പിക പച്ച അരപ്പട്ടയുടെ സിബ്ബ് നീക്കി ഉപ്പ എടുത്തുകൊടുത്തു. സന്തോഷത്തോടെ കുഞ്ഞിക്കുട്ടൻ ഉരുണ്ടുനീങ്ങി. സ്കൂൾ വിട്ട് വന്നപാടെ സലീനയും ഇജാസും പറഞ്ഞു. “അനക്കറിയ്യോ ഇക്കാക്ക വരുന്നുണ്ട്. കത്തു വന്നിട്ടുണ്ട്.” ഞാൻ കോലായിൽ ഉപ്പാന്റെ കണ്ണുവെട്ടിച്ച് കള്ളിപ്പെട്ടി പരതി. കത്തുകളും കല്യാണക്കത്തുകളും കുറിക്കത്തുകളുമൊക്കെ അവിടെയാണ് വെക്കുന്നത്. ശബ്ദമുണ്ടാക്കാതെ കത്ത് പുറത്തെടുത്തു നോക്കി. അഡ്രസ്സ വായിച്ചു. ഇക്കാക്കയുടെ കത്താണ്. കത്തിന്റെ ഉള്ള് മണത്തുനോക്കി. നിധി പുറത്തെടുത്ത് വായിക്കാൻ തുടങ്ങി. ‘ഉപ്പയും ഉമ്മയും പെറ്റമ്മയും കുട്ടികളും അറിയുവാൻ മകൻ കുഞ്ഞുമോൻ എഴുതുന്നത്. ഞാൻ ഈ മാസം 12-ാം തീയതി ഇവിടെനിന്നും പുറപ്പെടും. ബോംബെയിൽ നിന്ന് 13-ാം തീയതി കൊച്ചിയിൽ എത്തും. ഇൻശാ അള്ളാ 13-ാം തീയതി മുഖദാവിൽ കാണാം. എന്ന് സ്വന്തം കുഞ്ഞുമോൻ’. കത്തിൽ തുരുതുരാ ഉമ്മവച്ചു. വടക്കിനിയിലേക്കോടി. ഇരിക്കപ്പൊറുതി കിട്ടുന്നില്ല. ഇക്കാക്ക വരുന്നു.



ഇക്കാക്കയെക്കുറിച്ചോർക്കുമ്പോൾ എന്താണ് ചെയ്യേണ്ടതെന്നറിഞ്ഞുകൂടാ. നിൽക്കാനും ഇരിക്കാനും പറ്റുന്നില്ല. കയ്യാലയിലേക്കോടിക്കയറി. പോളിടെക്‌നിക്കിനെ നോക്കി. പറമ്പിലേക്കിറങ്ങി ഉമ്മ ആടിനെ നോക്കുന്നു. കോലായിൽനിന്ന് കസേരയെടുത്ത് ചില്ലുഫോട്ടോ താഴെ ഇറക്കി. സലീനയെയും ഇജാസിനെയും വിളിച്ചു. പോളിടെക്‌നിക്കിന്റെ അടി വൃത്തിയാക്കി. പാറ്റകളെ തുരത്തിയോടിച്ചു. മാറാല തൂത്തു കളഞ്ഞു. രണ്ടാണികളിലേക്ക് പോളിടെക്‌നിക്കിനെ ഇറക്കിവെച്ചു. എച്ച്. പി.-യുടെ മുഖത്ത് നോക്കി. ഗൗരവം കൂടിയിരിക്കുന്നു.

13-ാം തീയതി ഉച്ചയ്ക്ക് ചോറു കഴിഞ്ഞതിനുശേഷം ഞാൻ എൽ. പി. സ്കൂളിലേക്ക് തിരിച്ചു നടക്കുകയായിരുന്നു. മീറ്ററുവെച്ച കാറുകൾ റോഡിലൂടെ പോകുന്നുണ്ടോ എന്ന് നോക്കി. ഗൾഫുകാർ മീറ്റർ വെച്ച കാറിൽ എറണാകുളത്തുനിന്ന് പെട്ടിയും സാധനങ്ങളുമായി പോയിരുന്നു. റോഡിലൂടെ മീറ്റർ വച്ച കാറു കണ്ടാൽ ആളുകൾ പറയും അതാ ഗൾഫുകാരൻ പോകുന്നു. ഇങ്ങനെ ആലോചിച്ചു പോകുമ്പോഴാണ് ഒരു കാർ കുറച്ച് അപ്പുറത്ത് ബ്രേക്ക് ചവിട്ടി നിർത്തിയത്. കൂളിംഗ് ഗ്ലാസ്സിട്ട ഒരാൾ കൈകാട്ടി വിളിച്ചു. ഡോർ തുറന്നു. ഹായ് ഗൾഫ് മണം. അയാൾ ചേർത്ത് അടക്കിപ്പിടിച്ചു. കൂളിംഗ് ഗ്ലാസ്സെടുത്തു മാറ്റിയപ്പോഴാണ് മനസ്സിലായത്, ഹായ് ഇക്കാക്ക. കാറ് വീടിന്റെ പടിക്കൽ നിർത്തി ചുമട്ടുകാരൻ ബാപ്പുവിനെ കൈകൊട്ടി വിളിച്ചു. പെട്ടിയും സാധനങ്ങളും തലയിൽ വെച്ചുകൊടുത്തു. ഉമ്മയും ഉപ്പയും ആനന്ദാശ്രുക്കൾ പൊഴിച്ചു. ഇക്കാക്ക കയ്യാലയിലേക്കു കയറി. ഫോട്ടോയിലേക്കു നോക്കി. ഇതു പൊടി തട്ടലൊന്നും ഇല്ലേ? ഇത് ഒരാഴ്ച്ച മുമ്പ് ഞാൻ താഴെയിറക്കി വൃത്തിയാക്കിയതാണ്. ഇക്കാക്ക ഡ്രസ്സ മാറാൻ തട്ടിൻപുറത്തേക്കു കയറി. പാന്റും കോട്ടും ഷൂസും അതിന്റെയുള്ളിലെ സോക്സും ബെൽറ്റും അഴിച്ചുവച്ചു. താഴേക്കിറങ്ങി വന്ന ഇക്കാക്കയെ കാണാൻ അയൽവാസികളും അങ്ങാടിയിലുള്ളവരും നിരനിരയായി വരാൻ തുടങ്ങി. ടേപ്പ് റെക്കോർഡറിൽ കാഫുമല പൂക്കാൻ തുടങ്ങി. പെട്ടി തുറക്കാൻ പോകുകയാണ്. ദുബായിയുടെ മണം മണ്ടകത്തുനിന്ന് മുമ്പാരത്തേക്ക് ഒഴുകി. അതു വടക്കിനിയിലും ഇടനാഴികളിലും ചുറ്റിത്തിരിഞ്ഞു. ഫ്ലാസ്ക് പുറത്തെടുത്തു. ഉമ്മാക്ക് തലപൊളിച്ചിലിന്റെ മരുന്നും മീശക്കാരന്റെ എണ്ണയും തിളങ്ങുന്ന പച്ച നിസ്കാരപ്പടവും ദസ്ബിയും ലുങ്കിത്തുണിയും സുറുമകളും നൽകി. ഉസ്മാൻക്കാക്ക് പാർക്കർ 45 സെവണോ ക്ലോക്കും ബ്ലെയ്ഡും ക്രീമും കൊടുത്തു. മിടിമൽകുത്തിയും യാഡ്‌ലി പൗഡറും ഹീറോ പേനയും പുള്ളിപ്പാവാടയുമായിരുന്നു അച്ചവിന്. ഷിഫോൺ സാരിയും സ്വർണ്ണത്തിന്റെ കടകവളയും എടുത്തിട്ട് ഇക്കാക്ക പറഞ്ഞു. ഇത് പാത്തക്കുള്ളതാണ്. ഇജാസിനും എനിക്കും കുങ്കുമനിറത്തിലും ചുവപ്പ നിറത്തിലുമുള്ള സ്പെഷ്യൽ കുപ്പായം എടുത്ത് ഉയർത്തിക്കാണിച്ചു. മഫ്ലറും പുതപ്പും ഉപ്പാക്ക് കൊടുത്തു. അമ്മായിമാരെ വിളിക്കാൻ വേലായുധേട്ടനെ പറഞ്ഞയച്ചു.

ഇക്കാക്കയുടെ കല്യാണം വന്നു. ഇത്താത്ത കണ്ണു പൊത്തിപ്പിടിച്ച് ആച്ചവിന്റെയും താത്തയുടെയും കയ്യും പിടിച്ച് ഫോട്ടോക്ക് പോസ് ചെയ്ത് വീട്ടിലെ പുതിയ അംഗമായി. ഞങ്ങളുടെ ഇത്താത്തയായി. പന്തലിൽ ഇരുന്ന് കാക്ക കാരണവന്മാർ നിരന്നിരുന്ന സദസ്സിൽനിന്നും പറയുന്നത് കേട്ടു. പുയ്യാപ്ല എഞ്ചിനിയറാണ്. തിരൂർ സീതി സാഹിബ് പോളിടെക്‌നിക്കിലാ ഓൻ പഠിച്ചിരുന്നത്. ഉപ്പ തലയുയർത്തി സദസ്സിനോട് ഉറക്കെ പറയുന്നത് കേട്ടു.

കയ്യാലയിൽ ഇതിനകം പലതരം ഫോട്ടോകൾ സ്ഥാനം പിടിച്ചിരുന്നു. റാംമനോഹർ ലോഹ്യ, ജയപ്രകാശ് നാരായണൻ, അരങ്ങിൽ ശ്രീധരൻ, മധു ദണ്ഡവതേ, മധു ലിമായേ, അശോക് മേത്ത, എം. പി. വീരേന്ദ്രകുമാർ എന്നീ സോഷ്യലിസ്റ്റുകൾക്കൊപ്പം ഇക്കാക്കയും ഇത്താത്തയും ചേർന്നുനിൽക്കുന്ന ഫോട്ടോയും നിരന്നിരുന്നു. അപ്പോഴും സീതി സാഹിബ് പോളിടെക്‌നിക്കിന്റെ സ്ഥാനം അണുമണിത്തൂക്കം തെറ്റിയാൽ അദ്ദേഹം സമ്മതിച്ചില്ല.

ഇക്കാക്കയോടൊത്തുള്ള ആനന്ദകരമായ നിമിഷങ്ങൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടു. അമിതാഭ് ബച്ചന്റെ ദീവാർ എന്ന സിനിമയുടെ കഥ ഇടയ്ക്കുവെച്ചു നിർത്തിയതു മുഴുമിപ്പിച്ചിട്ടില്ല. പോളിടെക്‌നിക്കിലെ ഹോസ്റ്റലിൽനിന്ന് മുങ്ങി അബ്ദുള്ള സാർ പിടിച്ചപ്പോൾ പിന്നെ എന്തു ചെയ്തു എന്നു പറഞ്ഞില്ല. അറഫാത്തിന്റെ ധീരകൃത്യങ്ങൾ ഇക്കാക്ക വിവരിക്കുന്നത് കേൾക്കാൻ ഞങ്ങൾ കാതു കൂർപ്പിച്ചു നടന്നു. രണ്ടു മാസം കഴിഞ്ഞ് ടിക്കറ്റ് ഓക്കെയായ വിവരത്തിന് കമ്പി വന്നു. ഉപ്പായെ കെട്ടിപ്പിടിച്ച് ഒരു ശ്വാസംമുട്ടുള്ള രാവിലെ വീട്ടിനുള്ളിലാകെ പെരുമഴ പെയ്തു നിറഞ്ഞു. കൈതോലപ്പായയിലിരുന്നു സുബ്ഹി നിസ്കരിച്ച് ഇക്കാക്ക തിരിച്ചുപോയി. ഉപ്പാക്ക് ആസ്ത്മ കൂടി. ഫ്ലാസ്കും മഫ്ലറും പായയും തൊക്കിൽ വച്ച് വേലായുധേട്ടന്റെ പുറകിൽ ചൂണ്ടലാശുപത്രിയിലേക്കുള്ള വരവും പോക്കും കൂടി. ശ്വാസം കിട്ടാതെ കോലായ കണ്ടു മണ്ണപാടത്തേക്ക് നോക്കി നീട്ടി വിളിച്ചു. ചിറ്റിട്ട കാതുകൾ ഓടിവന്നു. ഇക്കാക്ക് കമ്പിയടിച്ചു. മഫ്ലറും പുതപ്പും തലേക്കെട്ടും അഴിച്ചുവച്ച് കോലായ യാത്രയായി.

ഇക്കാക്കയുടെ കത്തുകളിൽ ‘ഉമ്മയും പെറ്റമ്മയും കുട്ടികളും അറിയുവാൻ’ എന്ന എഡിറ്റിംഗ് വന്നു. കത്തുകളുടെ എണ്ണം കുറഞ്ഞു. അരക്കുവെച്ച് ഒട്ടിച്ച കവറിനു പകരം പരുന്തിന്റെ ചിത്രമുള്ള കവറിൽ ഒരു നീണ്ട കടലാസു വരാൻ തുടങ്ങി. ഇതു മാറാൻ ഉമ്മയോടൊപ്പം അങ്ങാടിയിൽ പോയി. ഇത്താത്തയും ഗൾഫിലേക്കു പോയതിൽപിന്നെ കത്തുകൾ വല്ലപ്പോഴുമൊക്കെയായി. കയ്യാലയിലെ പോളിടെക്‌നിക്കിനെ ഇക്കാക്ക തിരക്കാതെയായപ്പോൾ ഞങ്ങൾ വിചാരിച്ചു ഇക്കാക്ക പോളിടെക്‌നിക്കിനെ മറന്നെന്ന്. ഞങ്ങൾ പിന്നെയും കയ്യാലയിലേക്ക് കയറി. പോളിടെക്‌നിക്കിനെ താഴെയിറക്കി അരികുകളിൽ മഞ്ഞനിറം കലർന്നിരിക്കുന്നു. അവസാനവരിയിലെ പുഷ്പാകരന്റെയും ജോസഫിന്റെയും തലകൾ പാറ്റകൾ ആക്രമിക്കാൻ തുടങ്ങിയിരുന്നു. ഇക്കാക്കയുടെ അരികിൽ ചാഞ്ഞുനിന്നിരുന്ന സെയ്തുട്ടിയോട് ദേഷ്യം തോന്നി. എസ്. എസ്. എം. പോളിടെക്‌നിക്കിനെ പിന്നെയും നേരെ വെച്ചു.



...അഞ്ചു വർഷം കഴിഞ്ഞാണ് പിന്നെ ഇക്കാക്ക വന്നത്. കുട്ടികളെ പരിചയപ്പെടുത്തിത്തന്നു. ചുവന്ന വലിയ പെട്ടി തിണ്ണയിൽ സുഗന്ധം പരത്തി. ഇക്കാക്ക താമസം മാറുകയാണ്. രണ്ടു ദിവസം കഴിഞ്ഞാണ് കുറ്റൂസ. ഇക്കാക്ക കയ്യാലയിലേക്ക് കയറി. ആണികൾ ഇളക്കി പോളിടെക്‌നിക്കിനെ താഴെയിറക്കി. “ഫോട്ടോ കേടുവരാൻ തുടങ്ങിയല്ലോ.” തിണ്ണയിലേക്കു കൊണ്ടുവന്ന് പൊടി തട്ടി വെള്ളംകൊണ്ട് ചില്ല തുടച്ചപ്പോൾ എച്ച്. പി.-യുടെ ഗൗരവം കൂടുതൽ കർക്കശമായി. നാളെയാണ് പുരതാമസം. എല്ലാവരും ഇന്ന് വൈകുന്നേരം തന്നെ വരണം. എന്നോട് ഒരു പഴയ മാതൃഭൂമി പത്രം എടുക്കാൻ പറഞ്ഞു. “എന്തിനാ” ഈ ഫോട്ടോ ഒന്നു പൊതിയണം. പോളിടെക്‌നിക്കിനെ പൊതിഞ്ഞ് ഇത്താത്തയുടെ കൈയിൽ കൊടുത്തു. എച്ച്. പി. മുഹമ്മദ് റാവുത്തർ സാറും അബ്ദുള്ള സാറും മുസ്തഫ സാറും ഹമീദിക്കയും മൊയ്തീൻ കുട്ടിയും പടിയിറങ്ങിപ്പോകുകയാണ്. റോഡുവരെ ഞങ്ങൾ അനുഗമിച്ചു. കയ്യാലയിലേക്കു കയറി. ആണിപ്പഴുതിലേക്ക് നോക്കി. അവിടെനിന്ന് ഒരു നനവ് വരുന്നുണ്ടോ കയ്യാലയിലെ മുഷിഞ്ഞ ചുവരിൽ ഒരു ദീർഘചതുരം വൃത്തിയിൽ ഒഴിഞ്ഞുകിടക്കുന്നു. ചുമരുകളിലേക്ക് നനവ് പടരുന്നുണ്ടോ? അറിയില്ല. ഞാൻ കണ്ണുകളിൽ വെറുതെയൊന്നു തുടച്ചു. ഇല്ല. കൈവിരലുകൾ നനഞ്ഞിട്ടൊന്നുമില്ല. നരച്ച ചുമരിൽ വൃത്തിയുള്ള ചതുരത്തിൽ രണ്ട് ആണിപ്പഴുതുകൾ തേങ്ങുന്നുണ്ടോ? എല്ലാവരും കുടിയൊഴിഞ്ഞു ഇറങ്ങിപ്പോയിരിക്കുന്നു. ഇക്കാക്കയോടൊപ്പം.

□

# ഷൗക്കത്തലീ ഖാൻ



പൊന്നാനിയിലെ എരമംഗലം സ്വദേശി. എരമംഗലത്തെ എൽ. പി., യു. പി. സ്കൂളുകൾ പൊന്നാനി എ. വി. ഹൈസ്കൂൾ കോഴിക്കോട്ട് ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ പഠനം. ആനുകാലികങ്ങളിൽ എഴുതുന്നു 5 പുസ്തകങ്ങൾ. ആസുരനക്രങ്ങൾ, പൊത്ത് (കവിത സമാഹാരങ്ങൾ), വന്നേരിയുടെ വഴിയടയാളങ്ങൾ (ചരിത്രം), കാഞ്ഞിരവും കാരമുൾക്കാടും (ഓർമ്മ), കണ്ടാരി (നോവെല്ല) എന്നിങ്ങനെ. തിരൂരിലെ എസ്. എസ്. എം. പോളിയിൽ ജീവനം.

ഭാര്യ: ആരിഫ
കുട്ടികൾ: മുബഷിറ, സ്തുതി, ആയിഷ സന.

ചിത്രീകരണം: വി. പി. സുനിൽകുമാർ

RIVER VALLEY
DIGITAL LIBRARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014